**QP CODE: 24047124**

24047124

**Reg No** : .....................

**Name** : .....................

# B.A DEGREE (CBCS) IMPROVEMENT/REAPPEARANCE/MERCY CHANCE EXAMINATIONS, DECEMBER 2024

**First Semester**

**Core Course - ML1CRT01 - NAVEENA KAVITHA**

(Common to B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing, B.A Malayalam Language and Literature Model II Copy Writing)

2017 Admission Onwards

06C7435C

Time: 3 Hours

Max. Marks : 80

**Part A**

*Answer any **ten** questions.*

*Each question carries **2** marks.*

1. കാണുന്നില്ലോരക്ഷരവും എന്റെ വംശത്തെപ്പറ്റി എന്ന് കവി വ്യാകുലപ്പെടുവാനുള്ള കാരണമെന്ത് ?
2. നിമിഷമെന്ന കവിതയിൽ കാലത്തെ ജീവിതപ്പൂവിലെ തേൻ നുകരുന്ന ശലഭങ്ങളോട് ഉപമിച്ചിരിക്കുന്നത്- എപ്രകാരം.?
3. "കവിയും കൃഷകനുമൃഷിയുമൊരാളിൽത്താൻ"- എന്ന് കവി പറയുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുക.
4. പ്രതികൂലസാഹചര്യങ്ങളുടെ മദ്ധ്യത്തിൽ പിറവികൊള്ളുന്ന സൃഷ്ടിയുടെ പ്രതീകമാണ് കണിക്കൊന്ന- വ്യക്തമാക്കുക.
5. "കണ്ണിലെപ്പോഴും കത്തിജ്വലിക്കു-<br>മുൾക്കണ്ണുവേണമണയാത്ത കണ്ണ് "- ഈ വരികളിലൂടെ കവി വിവക്ഷിക്കുന്നതെന്ത്.?
6. "അന്ധർ നിൻ തുമ്പിയോ കൊമ്പോ<br>പള്ളയോ തൊട്ടിടഞ്ഞിടാം<br>എനിക്കു കൊതി നിൻ വാലിൻ<br>രോമം കൊണ്ടൊരു മോതിരം"- ആശയം വിശദമാക്കുക.
7. മരങ്ങൾക്കു വന്നുചേർന്ന പരിണാമങ്ങൾ കൊച്ചിയിലെ വൃക്ഷങ്ങൾ എങ്ങനെ അടയാളപ്പെടുത്തുന്നു?
8. ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു മൊഴിയുന്ന പെൺസ്വരം പെണ്ണിന്റെ പ്രണയകർതൃത്വത്തെയാണ് ആലേഖനം ചെയ്യുന്നത്. - വിശദമാക്കുക.
9. ആദിവാസി ജീവിതത്തിന്റെ പശ്ചാത്തലം ആവിഷ്കരിക്കുന്ന കവിതയാണ് "നീ അറിയുക"- വ്യക്തമാക്കുക.
10. അടുക്കളയിൽ ഉറച്ചുപോയ അമ്മയുടെ ചിന്തകൾ എന്തെല്ലാം?

11. സ്ത്രീ ജീവിത ദുരന്തത്തെ ആവിഷ്കരിക്കാൻ സ്വീകരിക്കുന്ന മത്സ്യ ബിംബത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

12. ദളിത് സാഹിത്യം എന്നാലെന്ത്?

(10×2=20)

**Part B**

*Answer any **six** questions.*

*Each question carries **5** marks.*

13. എൻ ചുണ്ടിലൊട്ടിടയ്ക്കുറിയ മാധുരി നിൻ ചുണ്ടിനുള്ളതോ, ലിപ്സ്റ്റിക്കിനുള്ളതോ?' - ഈ വരികളിൽ ദൃശ്യമാകുന്ന നാഗരികതയുടെ സ്വഭാവമെന്ത്?

14. സ്ത്രീസത്വആവിഷ്ക്കാരത്തിന്റെ പ്രതീകമാണ് 'മീര' -മീരപാടുന്നു എന്ന കവിതയെ ആസ്പദമാക്കി വിലയിരുത്തുക.

15. ആത്യന്തികമായി ഒറ്റപ്പെട്ടവനാണ് മനുഷ്യൻ എന്നെ പൊരുളിന്റെ ചുരുളഴിക്കുന്ന കവിതയാണ് വീട്ടിലേക്കുള്ള വഴി- ഈ പ്രസ്താവനയുടെ പൊരുളെന്ത്.?

16. ഡ്രാക്കുളയുടെ വരവും കാത്തിരിയ്ക്കുന്ന നായകൻറെ ആലോചനകൾ എന്തെല്ലാം?

17. അത്താഴം' എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

18. മിത്തുകളുടെ പുനർവായനയും പ്രണയത്തിന്റെ ആത്മീയതയും പെൺപക്ഷവും വിജയലക്ഷ്മിയുടെ വില്പത്രമെന്ന കവിതയെ മുൻനിർത്തി ചർച്ച ചെയ്യുക.

19. പ്രണയത്തിന്റെ മന്ത്രാക്ഷരങ്ങളെ സൂക്ഷ്മമായി കോരിയിടുന്ന കല്പനകളാണ് വീരാൻ കുട്ടിയുടെ കവിതകൾ - വിശദമാക്കുക?

20. പരിസ്ഥിതി കവിതകൾക്ക് മലയാള കവിതാസാഹിത്യത്തിലുള്ള സ്ഥാനമെന്ത്?

21. കീഴാളതയും ഗ്രാമീണതയും കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകളുടെ മുഖമുദ്രയാണ് - ശരിയോ?

(6×5=30)

**Part C**

*Answer any **two** questions.*

*Each question carries **15** marks.*

22. കാല്പനികതയുടെ സവിശേഷതകളെ അടിമുടി ഉൾക്കൊള്ളുന്ന ചങ്ങമ്പുഴയുടെ കൃതികൾ മലയാളകവിതയുടെ പൂക്കാലത്തെയാണ് വിരിയിക്കുന്നത്- വിവരിക്കുക.

23. സമകാലികയാഥാർത്ഥ്യങ്ങളോട് മുഖാമുഖം നിന്ന നവമാനവികതയുടെ കവിതകളാണ് ഇടശ്ശേരിക്കവിതകൾ- പരിശോധിക്കുക.

24. കേരളീയതയുടേയും പാരിസ്ഥിതികബോധ്യത്തിന്റെയും നവഭാഷ്യങ്ങളുൾക്കൊള്ളുന്നവയാണ് രാമചന്ദ്രന്റെ കവിതകൾ - വിലയിരുത്തുക.

25. സ്ത്രീ വിമോചനത്തിന്റെ പ്രതീകമായി കവിതയിൽ മീര മാറുന്നതെങ്ങനെ?

(2×15=30)